# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5322 31.10.2016-ൽ മറുപടിയ്ക്ക്

## കേരള സർവ്വീസ് ചട്ടങ്ങളുടെ അച്ചടി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.ഉബൈദുള്ള** | | **ശ്രീ.പിണറായി വിജയൻ** (മുഖ്യമന്ത്രി) |
| (എ) കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, സർക്കാർ ജീവനക്കാരുടെ ശിക്ഷണ നടപടി മാനുവൽ, കേരള സിവിൽ സർവ്വീസ് ( ക്ലാസ്സിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ )റൂൾസ്, 1960 ലെ കേരള ഗവ.സർവന്റ്സ് കോൺഡക്ക്റ്റ് റൂൾസ്, കേരള ഗവ.സർവന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് എന്നീ സർവ്വീസ് പുസ്തകങ്ങൾ സർക്കാർ പ്രസ്സ് വഴി ഇപ്പോൾ അച്ചടിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വെളിപ്പെടുത്താമോ; | (എ,ബി, സി) | കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ്,കേരള ഗവൺമെന്റ് സർവന്റ്സ് കോൺഡക്റ്റ് റൂൾസ് എന്നിവ പരിഷ്കരിക്കുന്ന മുറയ്ക്ക് അച്ചടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സർക്കാർ ജീവനക്കാരുടെ ശിക്ഷണ നടപടി മാനുവൽ എന്ന പുസ്തകം സർക്കാർ പ്രസ്സിൽ ലഭ്യമാണ്. കൂടാതെ അച്ചടി വകുപ്പിൻ കീഴിലുള്ള വിവിധ ജില്ലാ ഫോറം സ്റ്റോറുകളിൽ നിന്നും ടി-പുസ്തകം വിൽപ്പന നടത്തുന്നുണ്ട്. കേരള സിവിൽ സർവ്വീസ് ( ക്ലാസ്സിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) റൂൾസ് എന്ന പുസ്തകത്തിന്റെ പരിഷ്കരിച്ച പതിപ്പുകൾ അച്ചടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള ഗവൺമെന്റ് സെർവന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് എന്ന സർവ്വീസ് പുസ്തകം സർക്കാർ പ്രസ്സിൽ അച്ചടിക്കുന്നില്ല. |
| (ബി) ഇവയുടെ പ്രസിദ്ധീകരണം സംബന്ധിച്ച് അച്ചടി വകുപ്പിൽ നിന്നും അനുമതി തേടിയിരുന്നോ; ഇക്കാര്യത്തിൽ എന്ത് അഭിപ്രായമാണ് രേഖപ്പെടുത്തിയതെന്ന വിശദാംശം നല്കുമോ; | | |
| (സി) കേരള സർവ്വീസ് ചട്ടങ്ങൾ സംബന്ധിച്ച ഇത്തരം പുസ്തകങ്ങൾ സമയബന്ധിതമായി അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**